**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **29-01-2024 - ൽ മറുപടിയ്ക്ക്**

**കേരള പോലീസിലെ ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ വിവരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിൽ 01.01.2024 തീയതിയിലെ കണക്ക് പ്രകാരം ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ സാങ്ഷൻഡ് സ്ട്രെങ്ത് എത്രയാണ്; നിലവിൽ എത്രപേർ ഈ പദവിയിൽ ജോലി ചെയ്ത് വരുന്നു; എത്ര പുതിയ വേക്കൻസികൾ പി.എസ്.സി.യിലേയ്ക്ക് റിപ്പോർട്ട് ചെയ്യാൻ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | 01.01.2024 തീയതിയിലെ കണക്ക് പ്രകാരം കേരളാ പോലീസിൽ നേരിട്ട് നിയമനം നൽകാവുന്ന സബ് ഇൻസ്പെക്ടർമാരുടെ (കെ.സി.പി ) കാഡ്ര 1011ആണ്. ഇതിൽ നിലവി ൽ 615 പേർ പ്രവൃത്തിയെടുത്തു വരുന്നു. 195 സബ് ഇൻസ്പെക്ടർ ട്രെയിനികൾ പരിശീലനത്തിലാണ്. നിയമന ശിപാർശ ലഭിച്ച 163 പേർക്ക് പരിശീലനം നൽകുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എൻ.ജെ.ഡി ഉൾപ്പെടെ നിലവിലുള്ള 38 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതു കൂടാതെ സ.ഉ. (കൈ) നം. 4/2024/ആഭ്യന്തരം തീയതി 05/01 /2024 പ്രകാരം പുതുതായി രൂപീകരിച്ച സൈബർ ഡിവിഷന് അനുവദിക്കപ്പെട്ട തസ്തികകളിൽ ഉൾപ്പെട്ട 18 ഒഴിവുകളും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | 07.07.2022 തീയതി മുതൽ 17.01.2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാർ മറ്റു വകുപ്പുകളിലേയ്ക്കും മാതൃവകുപ്പുകളിലേയ്ക്കും റിലീവ് ചെയ്തു പോയിട്ടുണ്ട്; ഓരോന്നും തരം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | ഈ കാലയളവിൽ 2 പേർ 14.07.2023, 04.10.2023 എന്നീ തീയതികളിൽ മാതൃയൂണിറ്റിലേയ്ക്കും , 8 പേ ർ 24.11.2023, 27.11.2023, 02.12.2023,14.12.2023, 16.12.2023, 20.12.2023 എന്നീ തീയതികളിൽ പുതിയ നിയമനത്തെ തുടർന്നും വിടുതൽ ചെയ്തിട്ടുണ്ട്. |
| (സി) | 07.07.2022 മുതൽ 17.01.2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാരെ ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികയിലേയ്ക്ക് പ്രോമോട്ട് ചെയ്തിട്ടുണ്ട്; പ്രമോഷൻ ഉത്തരവിന്റെ തീയതിയും എണ്ണവും വ്യക്തമാക്കാമോ; | (സി) | ഈ കാലയളവി ൽ 129 ഡയറക്ട് സബ് ഇൻസ്പെക്ടർമാർ , ഇൻസ്പെക്ടർ ഓഫ് പോലീസ് തസ്തികയിലേക്ക് പ്രമോഷൻ നേടിയിട്ടുണ്ട്. പ്രമോഷൻ ഉത്തരവിന്റെ തീയതിയും എണ്ണവും താഴെപ്പറയുന്നു .<br><br>1. As per DGO No.1157/2023 Dtd:09.06.2023 - 1 person<br><br>2. As per DGO No.1410/2023 dtd: 08.07.2023 - 105 persons |

| | | | |
|---|---|---|---|
| | | | 3. As per DGO No.2168/2023 dtd: 19.10.2023- 12 persons<br><br>4. As per DGO No.2454/2023 dtd: 24.11.2023- 11 persons |
| (ഡി) | 07.07.2022 തീയതി മുതൽ 17.01.2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാർ ഏതൊക്കെ ഏജൻസികളിലേയ്ക്ക് അന്യത്ര സേവനത്തിനായി പോയിട്ടുണ്ട് എന്നറിയിക്കാമോ; 07.07.2022 തീയതി മുതൽ 17.01.2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാരുടെ അന്യത്ര സേവന കാലാവധി കഴിഞ്ഞുവെന്നും ഏതൊക്കെ ഏജൻസികളിൽ നിന്നും മടങ്ങി വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ഡി) | ഈ കാലയളവിൽ 6 ഡയറക്ട് സബ്ബ് ഇൻസ്പെക്ടർമാർ അന്യത്രസേവന വ്യവസ്ഥയിൽ NIA, Marine Enforcement, KSEB Vigilance എന്നീ വിഭാഗങ്ങളിൽ ജോലിയിൽ പ്രവേശിക്കുകയും 9 പേർ Bureau of Immigration, Marine Enforcement, Vigilance, United peace keeping mission South Sudan എന്നിവിടങ്ങളിൽ നിന്നും അന്യത്ര സേവനം കഴിഞ്ഞ്മടങ്ങി വരികയും ചെയ്തിട്ടുണ്ട്. |
| (ഇ) | 07.07.2022 തീയതി മുതൽ 17.01.2024 വരെയുള്ള കാലയളവിൽ എത്ര ഡയറക്ട് സബ് ഇൻസ്പെക്ടർമാർ സർവ്വീസിൽ ഇരിക്കെ മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (ഇ) | 2 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (എഫ്) | സ.ഉ.(കൈ) നം. 4/2024/2024/ആഭ്യന്തരം തീയതി 05.01.2024 പ്രകാരം കേരളം പുതിയതായി രൂപീകരിച്ച സൈബർ ഡിവിഷനിൽ കേരള സിവിൽ പോലീസിൽ ഡയറക്ട് സബ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർ ഓഫ് പോലീസ്, ഡി.വൈ.എസ്.പി., എസ്.പി. (നോൺ ഐ.പി.എസ്.) തസ്തികകൾ ഉണ്ടെന്ന് അറിയിക്കാമോ; | (എഫ്) | 05/01 /2024 ലെ സർക്കാർ ഉത്തരവ് (കൈ) നം. 04/2024/ആഭ്യന്തരം പ്രകാരം പുതുതായി രൂപീകരിച്ച സൈബർ ഡിവിഷനിൽ താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br><br>എസ്.പി . (നോൺ ഐ.പി.എസ്.) - 0<br><br>ഡി .വൈ .എസ്.പി – 4<br><br>ഇൻസ്പെക്ടർ ഓഫ് പോലീസ് – 13<br><br>സബ് ഇൻസ്പെക്ടർ – 39<br><br>സബ് ഇൻസ്പെക്ടർ തസ്തികയിൽ 3 എണ്ണം എസ്.സി.ആർ.ബി.യിൽ നിന്നും ഷിഫ്റ്റ് ചെയ്തിട്ടുള്ളതാണ്. ആയതിൽ നിലവിൽ സബ് ഇൻസ്പെക്ടർമാർ ജോലി നോക്കുന്നുണ്ട്. ബാക്കിയുള്ള 36 സബ് ഇൻസ്പെക്ടർ (KCP) തസ്തികകൾ പുനർ വിന്യാസം വഴി പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവയാണ്. ആയതിൽ നേരിട്ട് നിയമനം ലഭിക്കുന്നവർ, പ്രമോഷൻ വഴി നിയമനം ലഭിക്കുന്നവർ എന്നിങ്ങനെ വേർതിരിച്ച് പരാമർശിച്ചിട്ടില്ല. സബ് ഇൻസ്പെക്ടർമാരുടെ (KCP) സംസ്ഥാനതല അംഗീകൃത അംഗബലത്തിന്റെ 50% നേരിട്ട് നിയമനം നൽകുന്നതിനും 50% പ്രമോഷൻ വഴി നിയമനം നൽകുന്നതിനും ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ പുതുതായി സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം അംഗീകൃത |

| | | | |
|---|---|---|---|
| | | | അംഗബലത്തിൽ ഉൾക്കൊള്ളിക്കുമ്പോൾ അവയുടെ 50% മായ 18 തസ്തികകളിലേയ്ക്ക് നേരിട്ട് നിയമനം നടത്തുന്നതിനായി കേരള പി.എസ്.സി.യ്ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ജി) | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 26.10.2023-ലെ ഉപ.സി.3/150/2023/ പി&ആർ.ഡി. നം. പ്രകാരമുള്ള സർക്കുലറിലെ നിർദേശ പ്രകാരം സബ് ഇൻസ്പെക്ടർ തസ്തികയിൽ 2023-2024 കലണ്ടർ വർഷത്തിൽ ഉണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | (ജി) | നിലവിലെ എസ്.ഐ. റാങ്ക് ലിസ്റ്റിന്റെ കാലാവധി 06/06/2024 തീയതിയിൽ അവസാനിക്കുന്നതിനാൽ ടി കാലയളവിനുള്ളിൽ ഉണ്ടാകാവുന്ന 46 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യ്ക്ക് മുൻകൂറായി റിപ്പോർട്ട് ചെയ്യുന്നതിന് 13/05/2024 തീയതിയിലെ G.O. (Rt) No. 1342/2024/Home പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുള്ളതും പ്രസ്തുത 46 ഒഴിവുകൾ 15/05/2024 തീയതിയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ